ഹോളിഫാമിലി ഫൊറോനാ ദൈവാലയം, പൊൻകുന്നം

# തിരുക്കുടുംബം

## PARISH BULLETIN

ഏലിയാ – സ്ലീവാ – മൂശക്കാലം

Vol.11 Issue 5



# ആദരാഞ്ജലികൾ



## ജോർജ്ജുകുട്ടി

**പനയ്ക്കൽ ബംഗ്ലാവ്**

**പൊൻകുന്നം**

# ആദരാഞ്ജലികൾ



നമ്മുടെ ഇടവകയിൽ ദീർഘനാളായി കൈക്കാരനും
പ്രതിനിധിയോഗാംഗവുമായി സ്തുത്യർഹമായ
സേവനം ചെയ്ത് സ്വർഗ്ഗയാത്രക്കായി വിളിക്കപ്പെട്ട
ഞങ്ങളുടെ പ്രിയപ്പെട്ട

**പുളിക്കൽ  പി.സി. ചാക്കോ സാറിന്**

## ആദരാഞ്ജലികൾ

പാരിഷ് കൗൺസിൽ

## ഉള്ളടക്കം


| | | |
|---|---|---|
| മുഖമൊഴി | – | 3 |
| ഇടയമൊഴി | – | 4 |
| വിളക്ക് | – | 6 |
| ഇടവക വിശേഷങ്ങളിലൂടെ | – | 8 |
| നിയമബോധനം | – | 14 |
| നൂറുമേനി | – | 16 |


## എഡിറ്റോറിയൽ ബോർഡ്


| | | | |
|---|---|---|---|
| മാനേജിംഗ് എഡിറ്റർ | – | ഫാ. ജോണി ചെരിപുറം | 9447135145 |
| ചീഫ് എഡിറ്റർ | – | ഫാ. ജോസഫ് ചക്കുംമൂട്ടിൽ | 8281738270 |
| സബ് എഡിറ്റേഴ്സ് | – | റോബിൻ കട്ടിക്കാരൻ | 9446602386 |
| | – | വർഗീസ് മുതുപ്ലാക്കൽ | 9446201068 |
| കമ്മറ്റി അംഗങ്ങൾ | – | സുനിൽ പനയ്ക്കൽ | 9387844654 |
| | | സൂസൻ വെട്ടിക്കൊമ്പിൽ | |
| | | കിറ്റിൻ ഗോൾഡ്ഹിൽ | |
| | | കുസുമം ഗോൾഡ്ഹിൽ | |



***Published by*** **: The Vicar, Holy Family Forane Church, Ponkunnam. Ph: 04828- 221368**

***Layout & Printing:*** **General Offset Ponkunnam Ph: 9495496974, 8848953287**

2019 സെപ്റ്റംബർ ലക്കം

## മുഖമൊഴി

കൂടുതൽ സജീവമാകട്ടെ നമ്മുടെ വി. ബലികൾ! വി. ബലിയുടെ സമയത്ത് ചിന്തകളും കണ്ണുകളും അകലങ്ങളിലേയ്ക്ക് പറക്കാതെ ഈശോയുടെ ഉത്ഥിത രൂപത്തിൽത്തന്നെ അവ തറഞ്ഞു നിൽക്കട്ടെ.

കാൽവരി ബലിയുടെ ആവർത്തനമാണിതെന്ന നടുക്കുന്ന ബോദ്ധ്യം നമ്മുക്ക് ഉണ്ടാകണം. അപ്പോൾ ഹൃദയാന്തരംഗത്തിൽ നിന്ന് ഉയിർക്കൊള്ളുന്ന ഭയഭക്തി ബഹുമാനങ്ങൾ ഗാനാലാപനത്തിലും പ്രാർത്ഥനാ മന്ത്രങ്ങളിലും തുടിച്ചു നിൽക്കും.


ഇവിടെ നടക്കുന്നത് ബലിയപ്പവും വീഞ്ഞും ഈശോയുടെ ശരീരരക്തങ്ങളായി മാറ്റപ്പെടുന്ന ഏറ്റവും മഹനീയ കർമ്മമാണെന്നുമുള്ള ബോദ്ധ്യം തലമുറകളിലേയ്ക്ക് ഒട്ടും ചോരാതെ പകരണം. ആയതിന് ഗായകരും ശുശ്രൂഷികളും ദൈവജനവും ആത്മീയമായി കൂടുതൽ സജീവമാകണം. ദൈവാലയം പ്രകമ്പനം കൊള്ളുമാറ് ഉച്ചത്തിൽ ദൈവജനം പ്രാർത്ഥിക്കട്ടെ. പൂട്ടപ്പെട്ട എല്ലാ അധരങ്ങളും തുറക്കപ്പെടട്ടെ.

സമീപത്ത് നിൽക്കുന്ന നാലു പേരെങ്കിലും കേൾക്കുന്ന സ്വരത്തിൽ ഉറക്കെ പ്രാർത്ഥിക്കുക. അത് ഏറ്റവും നല്ല സുവിശേഷ പ്രഘോഷണം തന്നെയായിരിക്കും. അമ്മമാർ സൺഡേസ്കൂൾ കുട്ടികളോടൊപ്പം നിന്ന് ഉച്ചത്തിൽ പ്രാർത്ഥനകൾ ചൊല്ലുക. എല്ലാ സംഘടനകളും കൂട്ടായ്മകളും വി. ബലി കൂടുതൽ സജീവമാക്കുവാൻ ഒരുങ്ങി തുനിഞ്ഞിറങ്ങണം. മക്കളോടൊപ്പം അഞ്ചു മിനിറ്റ് നേരത്തെ എത്തി വി. ബലിക്ക് ഒരുങ്ങുക.

വി. കുർബ്ബാനയിലെ പ്രാർത്ഥനകളുടെ അർത്ഥം മനസ്സിലാക്കി പ്രാർത്ഥിക്കുമ്പോൾ പക്വമായ ആത്മീയതയിലേയ്ക്ക് വളരുവാൻ നമ്മുക്ക് സാധിക്കും. സത്യങ്ങൾ ബോദ്ധ്യപ്പെടുമ്പോൾ പ്രാർത്ഥനയുടെ ശബ്ദം ഉയർന്നുതന്നെ നിൽക്കും. അതിനായി ഇന്നുമുതൽ നമ്മുക്ക് പരിശ്രമിക്കാം. അല്ല ഇപ്പോൾമുതൽ പരിശ്രമിക്കാം.



# ഇടയമൊഴി



മിശിഹായിൽ പ്രിയരേ,

ആരാധനാവത്സരത്തിലെ ഏലിയാ സ്ലീവാ മൂശക്കാലത്തിലേയ്ക്ക് നാം പ്രവേശിക്കുകയാണ്. ആരാധനാവത്സരത്തിലെ ഏറ്റവും ദൈർഘ്യമേറിയ കാലമാണിത്. ലോകാവസാനം, നാശപുത്രന്റെ വരവ്, മനുഷ്യപുത്രന്റെ ആഗമനം ഇവയൊക്കെ ഈ കാലഘട്ടത്തിലെ പ്രധാന ധ്യാനവിഷയമാണ്. ഏലിയാ വീണ്ടും വരുമെന്ന് യൂദന്മാരുടെയിടയിൽ വിശ്വാസമുണ്ടായിരുന്നു. അദ്ദേഹത്തെ ദൈവം എങ്ങനെയാണ് എടുത്തതെന്ന് ബൈബിളിൽ ഒന്നും പറഞ്ഞു കാണുന്നില്ല. തിന്മക്കെതിരെയുള്ള പോരാട്ടത്തിൽ സഹായിക്കുന്നവനെന്ന നിലയ്ക്ക് അദ്ദേഹത്തെക്കുറിച്ച് ഒട്ടേറെ ഐതിഹ്യങ്ങൾ ഉടലെടുത്തിട്ടുണ്ട്. മലമുകളിൽ മഹത്വപൂർണ്ണനായി ഏതാനും നിമിഷത്തേയ്ക്ക് പ്രത്യക്ഷപ്പെട്ട ഈശോയുടെ അകമ്പടിക്കാരിലൊരാളായിരുന്നു ഏലിയ. പറുദീസയിൽ ആദാമിനെ വഴി തെറ്റിച്ച സാത്താന്റെ പ്രവർത്തനങ്ങൾ ലോകാവസാനം വരെ തുടർന്നുകൊണ്ടിരിക്കുമെന്ന വസ്തുത ഉറപ്പിച്ചു പറഞ്ഞുകൊണ്ടാണ് ഈ കാലം തുടങ്ങുന്നതുതന്നെ. ലോകാവസാനം, ദൈവന്യായാസനം, വിധി ഇവയെക്കുറിച്ചുള്ള ചിന്തകൾ ഇക്കാലത്ത് സുലഭമാണ്. ചുരുക്കത്തിൽ അന്ത്യത്തെയും അവസാനത്തെയുംപറ്റി ഓർക്കുവാനും അവസാന ദിവസം വിധിയാളന്റെ വലതുഭാഗത്തുനിൽക്കുവാൻ സഹായകമാകുംവിധം ജീവിതത്തെ നാം ക്രമീകരിക്കേണ്ട കാലമാണ് ഏലിയാക്കാലം.

സ്ലീവാക്കാലം നാശപുത്രന്റെ വരവും പരാജയവും കഴിഞ്ഞ് ദിവ്യരക്ഷകന്റെ രണ്ടാമത്തെ വരവിനെ സൂചിപ്പിക്കുന്നു. ഒരുവിധത്തിൽ ഉയിർപ്പുകാലത്തിന്റെ പ്രതീതിയാണ് സ്ലീവാക്കാല

ത്തിൽ കാണുന്നത്. ഇന്നു സ്ലീവാക്കാലം നിലകൊള്ളുന്നത് ഏലിയാക്കാലത്തിന്റെ ഒരു ഭാഗമായിട്ടാണ്. വിശുദ്ധ കുരിശിന്റെ മഹത്വപൂർണ്ണമായ വിജയവും ശക്തിയുമാണ് ഈ കാലം അനുസ്മരിക്കുന്നത്. ഈ കാലത്തെ പ്രാർത്ഥനകളിൽ കാണുന്നത് കുരിശിനെക്കുറിച്ചുള്ള ചിന്തകളാണ്. പൊതു ഉയിർപ്പിനെക്കുറിച്ച് പറയുന്ന ഒരു ഗീതം ഇങ്ങനെയാണ് തർജ്ജിമ ചെയ്യപ്പെടുന്നത്. മരിച്ചവരെല്ലാം അക്ഷയരായി ഉയിർക്കും. ജീവിക്കുന്നവരാകട്ടെ പെട്ടെന്ന് രൂപാന്തരം പ്രാപിക്കും. കർത്താവേ നീ സുവിശേഷത്തിൽ വാഗ്ദാനം ചെയ്തിരിക്കുന്നതുപോലെ നിന്റെ നാമം ഏറ്റുപറഞ്ഞവരിൽ നിന്ന് നീ മുഖം തിരിക്കാതെ കനിവുണ്ടാകണമെ.

മൂശക്കാലത്തിലേയ്ക്കു വരുമ്പോൾ സ്ലീവാക്കാലത്തിനും പള്ളിക്കൂദാശക്കാലത്തിനുമിടയ്ക്കുള്ള സമയം നികത്തുക മാത്രമാണ് ഇത് ചെയ്യുന്നത്. താബോർ മലയിലെ രൂപാന്തരീകരണത്തിൽ മഹത്വപൂർണ്ണനായ മിശിഹായുടെ സാന്നിദ്ധ്യത്തിൽ മൂശയും ഏലിയായും പ്രത്യക്ഷരായി എന്നാണ് സുവിശേഷകൻ പറഞ്ഞിരിക്കുന്നത്. ഈ കാലഘട്ടത്തിലെ പ്രാർത്ഥനകളിൽ ചൈതന്യം സ്ഫുരിക്കുന്ന അനുതാപ ഗീതങ്ങളെക്കുറിച്ചും അതുപോലെ കുരിശിനെക്കുറിച്ചും സൂചിപ്പിക്കുന്നു. സകല സഹായങ്ങളും നമ്മുക്ക് എത്തിച്ചു തരുന്ന നീർച്ചാലാകുന്നു മിശിഹായുടെ കുരിശ്. കുരിശുവഴി നമ്മുക്ക് ആത്മീയ ജനനം ലഭിക്കുന്നു. മരണമില്ലാത്ത ജീവിതത്തിൽ നാം വ്യാപരിക്കുന്നു. അതിനാൽ ഏലിയാ സ്ലീവാ മൂശക്കാലത്തിന്റെ അരൂപിയിലേയ്ക്ക് നമ്മുക്ക് പ്രവേശിക്കാം. അനുതാപത്തിന്റെയും പരിത്യാഗത്തിന്റെയും പാതയിലൂടെ കർത്താവിനെ എതിരേൽക്കാൻ കയ്യിൽ എണ്ണ കരുതിയ വിവേകമതികളായ കന്യകമാരെപ്പോലെ ജീവിത വിശുദ്ധിയാകുന്ന എണ്ണ നമ്മുക്ക് കരുതാം.

*സ്നേഹത്തോടെ, ജോണിയച്ചൻ*

*(വികാരിയച്ചൻ)*

## വിളക്ക്



ഈശോമിശിഹായിൽ സ്നേഹമുള്ളവരേ,

"ഭൂമി മുഴുവൻ കർത്താവിന്റേതാണെന്ന് നീ ഗ്രഹിക്കും". (പുറ: 9:29)

2018-2019 കാലവർഷങ്ങൾ കേരളത്തിനു സമ്മാനിച്ചത് ഒരിക്കലും മറക്കാത്ത ഓർമ്മകളായിരുന്നു. കലിതുള്ളി പെയ്തിറങ്ങിയ മഴയിൽ കേരള ജനതയുടെ മണ്ണും പൊന്നും വീടും ഒലിച്ചുപോയി. അതിനുമപ്പുറം തങ്ങളുടെ പ്രിയപ്പെട്ടവരുടെ ജീവനുംകൊണ്ട് പ്രളയം കടന്നുപോയപ്പോൾ അവശേഷിക്കുന്നത് മരിക്കാത്ത ഒരുപിടി ഓർമ്മകൾ മാത്രമാണ്. പ്രളയാനന്തരം സർക്കാർ മുന്നോട്ടു വയ്ക്കുന്ന നവകേരളം എന്ന സ്വപ്നം വീണ്ടും മരീചികയായി.

മഹാ പ്രളയങ്ങൾ കേരള ജനതയെ ഒട്ടേറെ പാഠങ്ങൾ പഠിപ്പിച്ചു. സാഹോദര്യത്തിന്റെയും സമത്വത്തിന്റെയും പങ്കുവെയ്ക്കലിന്റെയും മഹത്തരങ്ങളായ പാഠങ്ങൾ. ജാതി,മത,വർഗ്ഗ, വർണ്ണ വ്യത്യാസങ്ങൾ ഇല്ലാതെ കേരളം ഒത്തൊരുമിച്ച് കൈകോർത്ത് പ്രളയത്തെ അതിജീവിച്ചു. മലപ്പുറം ജില്ലയിലെ പോത്തുകല്ല് ഗ്രാമത്തിലെ മുസ്ലീംപള്ളി പോസ്റ്റുമാർട്ടം നടത്താനായി അധികൃതർ വിട്ടുകൊടുത്തത്, മനുഷ്യസ്നേഹത്തിന്റെ ഏറ്റവും പ്രകടമായ ഉദാഹരണമായിരുന്നു.

കഴിഞ്ഞുപോയ പ്രളയങ്ങൾ മലയാളിക്ക് സമ്മാനിച്ച ഏറ്റവും വലിയ തിരിച്ചറിവ് നാം അധിവസിക്കുന്ന ഭൂമി നമ്മുടേതല്ലായെന്നുള്ളതാണ്. ആരാണ് ഈ ഭൂമിയുടെ അവകാശികൾ? ഭൂമിയിൽ

എത്രയോ ജീവജാലകങ്ങളുണ്ട്. അവരാരും ഭൂമിയെ സ്വകാര്യസ്വത്തായി അവകാശപ്പെടുന്നില്ല. ഏകദേശം ഒരു നൂറ്റാണ്ടിനുള്ളിൽ ജീവിച്ച് മരിച്ച് മണ്ണിലേയ്ക്കു മടങ്ങേണ്ട മനുഷ്യവ്യക്തി തലമുറകളെ അതിജീവിക്കുന്ന ഭൂമിയുടെമേൽ അവകാശം വയ്ക്കുന്നത് എന്തൊരു ഔദ്ധത്യമാണ്. വികസനത്തിന്റെ പുകമറ സൃഷ്ടിച്ച് മണ്ണിനെ കീറിമുറിക്കുമ്പോൾ നാം ഓർക്കണം ഭൂമിക്കൊരു ജീവതാളം ഉണ്ടെന്ന്. പ്രകൃതിയെ മറന്നുള്ള വികസന മുന്നേറ്റം ദുരിതങ്ങൾക്ക് വഴിതെളിക്കും എന്നതിന്റെ മുന്നറിയിപ്പാണ് ഈ പ്രളയം.

ഭൂമിക്കൊരു ചരമഗീതം എന്ന കവിതാ സമാഹാരത്തിൽ ഒ.എൻ.വി. കുറിക്കുന്നതുപോലെ

"ഇനിയും മരിക്കാത്ത ഭൂമി
നിന്നാസന്നമൃതിയിൽ നിനക്കാത്മ ശാന്തി
ഇത് നിന്റെയും എന്റെയും ചരമ ശുശ്രൂഷയ്ക്ക്
ഹൃദയത്തിലിന്നേ കുറിച്ച ഗീതം"

ഭൂമിയിൽ മനുഷ്യരുടെ അധിനിവേശമല്ല, ആവാസമാണ് നടക്കേണ്ടത്. അല്ലെങ്കിൽ ചരമ ഗീതങ്ങൾ ഭൂമി നമുക്കായി പാടും. അതിനാൽ നമ്മൾ ആവസിക്കുന്ന ഭൂമിയിൽ ദൈവത്തിന്റെ കയ്യൊപ്പ് ഉണ്ടെന്ന് നാം വിശ്വസിക്കണം. അതിനെ സംരക്ഷിച്ചും, ആദരിച്ചും ആശ്രയിച്ചും നമ്മുക്ക് ഇവിടെ ജീവിക്കാം.

***ഫാ. ജോസഫ് ചക്കുംമൂട്ടിൽ***

***(കൊച്ചച്ചൻ)***

## ഇടവക വിശേഷങ്ങളിലൂടെ



# സൺഡേ സ്കൂൾ

1. **മരിയൻ തീർത്ഥാടനം**

   9-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കുള്ള വേണ്ടിയുള്ള മരിയൻ തീർത്ഥാടനം സെപ്റ്റംബർ 7-ാം തീയതി കാഞ്ഞിരപ്പള്ളി പഴയപള്ളിയിലേയ്ക്ക് നടത്തുന്നതാണ്.

2. **ലൈഫ്ലൈൻ ക്യാമ്പ്**

   8-ാം ക്ലാസ്സിലെ കുട്ടികൾക്കുവേണ്ടിയുള്ള ലൈഫ്ലൈൻ ക്യാമ്പ് സെപ്റ്റംബർ 14,15 തീയതികളിൽ ആനക്കല്ല് സെന്റ് ആന്റണീസ് പബ്ലിക് സ്ക്കൂളിൽ വച്ച് നടത്തുന്നതാണ്.

3. **ബൈബിൾ കലോത്സവം**

   ഈ വർഷത്തെ ഫൊറോനാതല ബൈബിൾ കലോത്സവം സെപ്റ്റംബർ 21-ാം തീയതി നമ്മുടെ ഇടവകയിൽവച്ച് നടക്കുന്നതാണ്.

4. **ലോഗോസ് ക്വിസ്**

   ഈ വർഷത്തെ ലോഗോസ് ക്വിസ് പരീക്ഷ സെപ്റ്റംബർ 29-ാം തീയതി ഉച്ചകഴിഞ്ഞ് 2 മുതൽ 3.30 വരെ നടത്തുന്നതാണ്.

5. **അർദ്ധവാർഷിക പരീക്ഷ**

   2019-20 അദ്ധ്യയന വർഷത്തെ അർദ്ധ വാർഷിക പരീക്ഷ ഒക്ടോബർ 6-ാം തീയതി നടത്തുന്നതാണ്. 1 മുതൽ 6 വരെ ക്ലാസ്സുകാർക്ക് രാവിലെ 11 മുതൽ 1 വരെയും 7 മുതൽ 12 വരെ ക്ലാസ്സുകാർക്ക് ഉച്ചകഴിഞ്ഞ് 1.30 മുതൽ 4 വരെയുമാണ് പരീക്ഷാസമയം.

***റോബിൻ കട്ടിക്കാരൻ*** (ഹെഡ്മാസ്റ്റർ)

## വിൻസെൻഷ്യൻ വേദി

രോഗികൾക്കും ദത്തുകുടുംബങ്ങൾക്കും നൽകിവരുന്ന സ്ഥിരം സഹായങ്ങൾക്കുപുറമെ 3 പേർക്ക് ചികിത്സാ സഹായമായി 11500/- രൂപയും രണ്ടു വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനായി 19000/- രൂപയും രണ്ടു വ്യക്തികൾക്ക് വിവാഹ സഹായമായി 10,000/- രൂപയും മറ്റൊരു വ്യക്തിക്ക് കക്കൂസിന്റെ നിർമ്മാണത്തിനായി 5000/- രൂപയും ചെലവഴിച്ചു.

*തോമസ് നരിതൂക്കിൽ (സെക്രട്ടറി)*

## ചെറുപുഷ്പ മിഷൻലീഗ്

മിഷൻലീഗ് സംഘടനയുടെ ഉപമദ്ധ്യസ്ഥയായ വി. അൽഫോൻസാമ്മയുടെ തിരുനാൾ പ്രാർത്ഥനാപൂർവ്വം ആഘോഷിച്ചു.

*ഷെറി മോളോപ്പറമ്പിൽ (ഓർഗനൈസർ)*

## പിതൃവേദി

ജൂലൈ, ആഗസ്റ്റ് മാസത്തിൽ മൂന്ന് കമ്മറ്റി മീറ്റിംങ്ങുകൾ നടത്തി. ആഗസ്റ്റ് മാസം 6-ാം തീയതി അംഗങ്ങൾ ദൈവാലയത്തിന്റെ മദ്ബഹയും, ചാരുബഞ്ചുകളും വൃത്തിയാക്കി. എം.ബി.എഫ്-ന്റെ 13-ാമത് നറുക്കെടുപ്പിൽ ശ്രീ. സുനിൽ ജോർജ്ജ് വടക്കയിൽ വിജയിയായി. തുകയും വിതരണം ചെയ്തു.

*റ്റി.എം. മാത്തുക്കുട്ടി തൊമ്മിത്താഴെ (സെക്രട്ടറി)*

# കത്തോലിക്കാ കോൺഗ്രസ്

പ്രസിഡന്റ് അഡ്വക്കേറ്റ് ബോബൻ മണ്ണാറാത്തിന്റെ അദ്ധ്യക്ഷതയിൽ കത്തോലിക്കാ കോൺഗ്രസിന്റെ ആഫീസിൽ വച്ച് ആഗസ്റ്റ് മാസം ഏഴാം തീയതി കൂടിയ മീറ്റിംഗിൽ, 2019 സെപ്റ്റംബർ മാസത്തിൽ പ്രസിദ്ധീകരിക്കുന്ന **" HFFC പാരീഷ് ഡയറക്ടറി 2019'** - കൂട്ടായ്മകളിലെ കുടുംബങ്ങളുടെ എണ്ണം അനുസരിച്ച് എല്ലാ കുടുംബകൂട്ടായ്മാ ലീഡേഴ്സിനെയും ഏൽപിക്കുന്നതിന് തീരുമാനിച്ചു. കുടുംബ കൂട്ടായ്മ ലീഡേഴ്സ് അതതു കൂട്ടായ്മയിലെ ഓരോ വീടുകളിലും സൗജന്യമായി ഓരോ ഡയറക്ടറി വിതരണം ചെയ്യുന്നതാണ്.

*ജോസ് വെച്ചൂക്കുന്നേൽ* (സെക്രട്ടറി)



# സി. വൈ. എം. എ.

1 4-8-19 കൂടിയ ബഡ്ജറ്റ് പൊതുയോഗത്തിൽ വച്ച് 2019-2020 വർഷത്തിലേയ്ക്കുള്ള ബഡ്ജറ്റ് പാസ്സാക്കി.

2. വയനാട്ടിൽനിന്നുള്ള ഡോ. എം.വി. പ്രസാദിന്റെ നേതൃത്വത്തിൽ ഷുഗർ, കൊളസ്ട്രോൾ, തുടങ്ങിയ ജീവിത ശൈലി രോഗങ്ങൾക്ക് എതിരായ മെഡിക്കൽ ക്യാമ്പ് വിജയകരമായി നടത്തി. അതിന്റെ തുടർ ക്യാമ്പുകളും സി.വൈ.എം.എ. അസംബ്ലി ഹാളിൽ വച്ച് നടത്താൻ തീരുമാനിച്ചു.

3. ഈ വർഷത്തെ വേളാങ്കണ്ണി തീർത്ഥാടനം ഒക്ടോബർ 11, 12, 13 തീയതികളിൽ നടത്തുവാൻ തീരുമാനിച്ചു. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ സി.വൈ.എം.എ. ആഫീസുമായി

ബന്ധപ്പെടുക.

4. ഓണത്തോടനുബന്ധിച്ച് പതിവുപോലെ ഓണാഘോഷ പരിപാടികളും പൊതുയോഗവും നടത്തുവാൻ തീരുമാനിച്ചു.

*ജോജി മണിയങ്കേരിൽ (ജന: സെക്രട്ടറി)*

## അസോവ

സംഘടനയുടെ പ്രതിമാസ ഡയറക്ടർ ബോർഡ് മീറ്റിംഗ് 31-07-2019 ശനിയാഴ്ച 7 പി.എം. ന് പ്രസിഡന്റ് ശ്രീ.എ.റ്റി. ജോസഫ് അത്യാലിയുടെ അദ്ധ്യക്ഷതയിലും ബഹു. ഡയറക്ടർ ഫാ. ജോണി ചെരിപുറത്തിന്റെ മഹനീയ സാന്നിദ്ധ്യത്തിലും എച്ച്.എഫ്.സി. പാർലറിൽ നടത്തപ്പെട്ടു.

പ്രസിഡന്റിന്റെ അദ്ധ്യക്ഷ പ്രസംഗത്തിനുശേഷം സെക്രട്ടറി അവതരിപ്പിച്ച റിപ്പോർട്ട് യോഗം അംഗീകരിച്ചു. സംഘടനാ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന് തീരുമാനിച്ചു.

എം.ബി.എഫ്-ന്റെ 24-ാമത്തെ നറുക്കെടുപ്പിൽ സ്കീമിലെ 3-ാമത്തെ മെമ്പറായ ശ്രീ. വിറ്റി. ജേക്കബ് വാലുമ്മേൽ വിജയിയായി. ട്രഷറർ നന്ദി പ്രകാശിപ്പിച്ചു. യോഗനടപടികൾ 8 പി.എം. ന് സമാപിച്ചു.

അസോവയുടെ സെക്രട്ടറി ശ്രീ. പി.സി. ചാക്കോ പുളിക്കൽ 6.8.19 ൽ ആകസ്മികമായി നമ്മെ വിട്ടുപിരിഞ്ഞു. മികച്ച അദ്ധ്യാപകൻ, നമ്മുടെ ദൈവാലയ ട്രസ്റ്റി, പാരിഷ് കൗൺസിൽ മെമ്പർ എന്നീ നിലകളിലെല്ലാം നമ്മുടെ സമൂഹത്തിനും സമുദായത്തിനും അദ്ദേഹം നൽകിയ സേവനങ്ങൾ നിസ്തുലമാണ്. അസോവയുടെ സെക്രട്ടറി എന്ന നിലയിൽ സംഘടനയെ കെട്ടിപ്പടുക്കുന്നതിലും, കാര്യക്ഷമമായി മുന്നോട്ടു നയിക്കുന്നതിലും തന്റെ കഴിവുകൾ അദ്ദേഹം നന്നായി വിനിയോഗിച്ചു. അദ്ദേഹത്തിന്റെ അകാല നിര്യാണത്തിൽ അസോവ കുടുംബത്തിനുള്ള അഗാധമായ ദുഃഖം പങ്കു

വെയ്ക്കുകയും അദ്ദേഹത്തിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

*തോമസ് ആന്റണി കുഴിക്കാട്ട് (ട്രഷറർ )*

## യുവദീപ്തി - S.M.Y.M

1. **'വീത്ത 2019' മെഗാ ലൈഫ് എക്സിബിഷൻ**

   പൊൻകുന്നം ഫൊറോനാ എസ്.എം.വൈ.എം -ന്റെ ആഭിമുഖ്യത്തിൽ നടത്തിയ എക്സിബിഷനിൽ പൊൻകുന്നം ഇടവക എസ്.എം.വൈ.എം പൂർണ്ണ സഹകരണം നൽകി.

2. ഫൊറോനാ തലത്തിൽ നടക്കുന്ന ഉത്സവ് രചനാ-കലാ മത്സരങ്ങൾ ആഗസ്റ്റ് 28, സെപ്റ്റംബർ 14 തീയതികളിൽ നടത്തപ്പെടും.

***ജേക്കബ് തേക്കുംതോട്ടം (സെക്രട്ടറി)***

## മാതൃവേദി

1. മാതൃവേദി ഫൊറോനാതല ബൈബിൾ കലോത്സവ മത്സരങ്ങൾ നമ്മുടെ ഇടവകയിൽ വച്ച് 19-07-2019 -ൽ നടത്തി. പൊൻകുന്നം യൂണിറ്റിൽനിന്ന് സമ്മാനാർഹരായവർക്ക് അഭിനന്ദനങ്ങൾ.

   പ്രസംഗം സീനിയർ ഒന്നാം സമ്മാനം-
   മേഴ്സി തോട്ടുചാലിൽ

   സംഗീതം സീനിയർ ഒന്നാം സമ്മാനം-
   ബീനാബോസ് കുഴിക്കാട്ട്,

   വാക്യം ചൊല്ലൽ സീനിയർ രണ്ടാം സമ്മാനം-
   എത്സമ്മ മംഗലത്തിൽ,

   നമസ്ക്കാരം ചൊല്ലൽ ജൂനിയർ രണ്ടാം സമ്മാനം -
   സിസി കുഴിവേലിക്കുഴി,

സമൂഹഗാനം ഒന്നാം സമ്മാനം - സിന്ധു തകടിയേൽ, ഗീത മോൾ പതിപ്പള്ളി, ലിസമ്മ തെക്കേക്കുറ്റ്, മോളി തത്തക്കാട്ട്, ജെയ്സി പുതുപ്പറമ്പിൽ, ഷേർലി കുരിശുംമൂട്ടിൽ, ബീനാ കുഴിക്കാട്ട്

2. സ്വർഗ്ഗാരോഹണത്തിരുനാളിനോടനുബന്ധിച്ച് മാതൃവേദി അംഗങ്ങൾ പള്ളിയിലെ വിളക്ക് തേച്ച് വൃത്തിയാക്കി.

3. ആഗസ്റ്റ് മാസത്തിലെ 3-ാം ചൊവ്വാഴ്ച മാതൃവേദി ഫൊറോനാ ഡയറക്ടർ റവ.ഫാ. പയസ് കൊച്ചുപറമ്പിൽ അമ്മമാർക്ക് ക്ലാസ്സെടുത്തു. നാൽപ്പതോളം അമ്മമാർ ക്ലാസ്സിൽ പങ്കെടുത്തു.

*ബിന്ദു റ്റിജോ തേക്കുംതോട്ടം* (സെക്രട്ടറി)



## തിരുസ്സഭയിലെ നവസൂനങ്ങൾ

1. ആൻ മരിയ കുമ്പുക്കൽ
2. ആൻ മാമ്പ്രയിൽ
3. മറിയം ആനി അത്തിയാലിൽ
4. തോമസ് പുതുപ്പറമ്പിൽ
5. ജോസഫ് കിളിരൂപ്പറമ്പിൽ

## ഓർമ്മകളിലേയ്ക്ക്

1. റ്റോമി പുരയിടത്തിൽ
2. ആന്റണി അമ്പാട്ട്
3. പി.സി. ചാക്കോ പുളിക്കൽ
4. ഫിലോമിന മാധവശ്ശേരിൽ
5. കെ.എ. ജോർജ്ജ് പനയ്ക്കൽ ബംഗ്ലാവ്



## നമ്മൾ ഒന്നായി

1. ജോർജ്ജ്കുട്ടി - മഞ്ജു - ചിറയിൽ
2. എബി - ജിമി - പ്ലാവുവച്ചതിൽ
3. അമൽ - ടെസ്സി - മുത്തിയപാറയിൽ

**ബോബൻ മണ്ണാറാത്ത്**
അഡ്വക്കേറ്റ് & നോട്ടറി പബ്ലിക്ക്, പൊൻകുന്നം. 9447 525 615

## നിയമവും, നീതിയും ധാർമ്മിക മൂല്യങ്ങളും

നീതിയും നിയമവും കോടതികളും ആധുനിക സമൂഹത്തിന്റെ സമാധാനപൂർണ്ണമായ നിലനിൽപ്പിന് അനിവാര്യമായ ഘടകങ്ങളാണ്. പൗരബോധമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുന്നതോടൊപ്പം നീതി ബോധത്തിലധിഷ്ഠിതമായ ജീവിതത്തെ രൂപപ്പെടുത്തേണ്ടതെങ്ങനെയെന്ന് അനുശാസിക്കുകയെന്നതും നിയമത്തിന്റെ ധർമ്മമാണ്.

നിയമം അനുസരിക്കാതെവന്നാലുള്ള ഭവിഷ്യത്തുക്കൾ ഭയന്നിട്ടാണ് പലപ്പോഴും നിയമം അനുസരിക്കുവാൻ നാം നിർബന്ധിതരാകുന്നത്. നിയമം അനുസരിച്ചാൽ ലഭിക്കുന്ന നേട്ടവും ലംഘിച്ചാൽ ഉണ്ടാകുന്ന ശിക്ഷണ നടപടിയും നിയമത്തിന്റെ ഒരു പൊതു സ്വഭാവ വിശേഷമാണ്. ആ സ്വഭാവവിശേഷത്തിന് സാങ്ഷൻ എന്നാണ് നിയമജ്ഞർ പറയുന്നത്. ഭവിഷ്യത്തുക്കളെപ്പറ്റിയുള്ള ഭയം ഉണ്ടാകണമെങ്കിൽ ആജ്ഞകൾ പുറപ്പെടുവിക്കുന്ന അധികാരസ്ഥാനത്തിന് പരമാധികാരം ഉണ്ടായിരിക്കണം. ജനാധിപത്യ സമ്പ്രദായത്തിൽ പരമാധികാരം നിയമ നിർമ്മാണ സഭകൾക്കാണെങ്കിലും തത്ത്വത്തിൽ പരമാധികാരം ജനങ്ങളിലാണ് നിക്ഷിപ്തമായിരിക്കുന്നത്. ഇൻഡ്യയെ സംബന്ധിച്ചിടത്തോളം ഭരണഘടനാ വ്യവസ്ഥകൾക്കു വിധേയമായി മാത്രമേ ആർക്കും അധികാരം വിനിയോഗിക്കുവാൻ പാടുള്ളൂ. പരമോന്നതസ്ഥാനം നമ്മുടെ ഭരണഘടനയ്ക്കാണ് നൽകിയിരിക്കുന്നത്.

നിയമത്തിന്റെ ലക്ഷ്യം നീതിയാണ്. എന്താണ് നീതിയെന്നതിനെക്കുറിച്ചുള്ള വിവാദങ്ങൾ ഒരിക്കലും അവസാനിക്കുന്നില്ല. സാമൂഹികഘടനയും കാലഘട്ടവും അനുസരിച്ച് നീതിബോധം മാറിക്കൊണ്ടിരിക്കുന്നു. ഒരു സമൂഹത്തിന് നീതിപൂർണ്ണമാണെന്നു തോന്നുന്നത് മറ്റൊരു സമൂഹത്തിന് അനീതിയായി അനുഭവപ്പെ

ടുന്ന സാഹചര്യങ്ങളുമുണ്ട്. വർഗ്ഗ താൽപര്യങ്ങൾ തമ്മിലിടയു മ്പോൾ നീതി വെറും ആപേക്ഷികമായ ഒരാശമായി മാറുന്നു. ഉദാഹരണമായി, സ്വന്തമായി സ്ഥലമില്ലാത്തവൻ കുടി താമസിക്കുന്ന ഇടം അവനുതന്നെ കൊടുക്കണമെന്ന നിയമം, കൃഷിഭൂമി കർഷകനു കൊടുക്കണമെന്ന നിയമം തുടങ്ങി സാമൂഹിക ക്ഷേമം മുൻനിർത്തി നടപ്പിലാക്കുന്ന നിയമങ്ങൾ വിഭിന്ന സമൂഹങ്ങളിൽ വ്യത്യസ്തമായ പ്രതികരണങ്ങളാണ് സൃഷ്ടിക്കുക. സമൂഹത്തിന്റെ ആകമാനമുള്ള പുരോഗതി എന്ന ലക്ഷ്യമാണ് അത്തരം നിയമങ്ങളെ നിതീകരിക്കുന്നത്. ആ നിയമങ്ങളുടെ ലക്ഷ്യം സാമൂഹിക നീതിയാണെന്നു പറയാം.

പ്രായോഗിക തലത്തിൽ, ഭരിക്കുന്നവരുടെ നീതിബോധം അനുസരിച്ചായിരിക്കും നിയമങ്ങൾ നിർമ്മിക്കുന്നത് ആ നിയമങ്ങൾ വഴി ലഭിക്കുന്ന നീതി പ്രകൃതിദത്തമോ ദൈവികമോ ആയ നീതിയും തമ്മിലുള്ള വ്യത്യാസം ഇന്നു വളരെ സ്പഷ്ടമാണ്.

Morality എന്ന വാക്കിന് ധർമ്മനിഷ്ഠ, സന്മാർഗ്ഗബോധം, സദാചാരം എന്നെല്ലാം അർത്ഥമുണ്ട്. ഏതെങ്കിലും പെരുമാറ്റചട്ടം ധാർമ്മികമായി ശരിയോ തെറ്റോ എന്നു നിർണ്ണയിക്കുന്നത് സമൂഹത്തിന്റെ പൊതുവായുള്ള അംഗീകാരവും മനോഭാവവും കണക്കിലെടുത്തിട്ടാണ്. എന്നാൽ അതിനു മറ്റൊരു അടിത്തറകൂടിയുണ്ട്. ദൈവികമായ വെളിപാടുകളും ആത്മനിഷ്ഠമായ പ്രചോദനങ്ങളുമാണ് പലപ്പോഴും നന്മയെയും തിന്മയെയും തരംതിരിക്കുന്നത്. മോശ നൽകിയ പത്തു കൽപ്പനകൾ ദൈവകൽപനകളായി പരിഗണിക്കപ്പെട്ടുപോന്നു. ആദ്യ കാലങ്ങളിൽ മത വിശ്വാസവും ധാർമ്മിക ബോധവും നിയമവും വേർതിരിച്ചറിയാനാവാത്തവിധം ബന്ധപ്പെട്ടിരുന്നു. എന്നാൽ ഇന്ന് എല്ലാ നിയമങ്ങളും സമൂഹത്തിന്റെ ധാർമ്മിക ബോധവുമായി താദാത്മ്യം പ്രാപിച്ചുകൊള്ളണമെന്നില്ല. ഉദാഹരമായി കൊലപാതകം കുറ്റകരമായി പരിഗണിക്കാത്ത സന്ദർഭങ്ങൾ ചിലതുണ്ട്. നിയമം അത്തരം കൊലപാതകങ്ങളെ ന്യായീകരിക്കുന്നു. നമ്മുടെ ധാർമ്മികബോധം അതിനെതിരാണെങ്കിൽത്തന്നെയും ന്യായീകരിക്കുന്നു. അതുപോലെതന്നെ

ചില പ്രത്യേക പരിത:സ്ഥിതികളിൽ വാങ്ങിയ കടം തിരികെ കൊടുക്കേണ്ടതില്ലെന്നു നിയമം അനുശാസിക്കുന്നു. ഒരു നിശ്ചിത കാലാവധി കഴിഞ്ഞാൽ ബാദ്ധ്യതകൾ അവസാനിക്കുന്നതായി പറയുന്ന കാലഹരണനിയമം ധർമ്മനിഷ്ഠയ്ക്കു തികച്ചും എതിരാണ്. നിയമങ്ങളുടെ ഉള്ളടക്കം പലപ്പോഴും ധാർമ്മികബോധവുമായി പൊരുത്തപ്പെട്ടുപോകുമെങ്കിലും നിയമപരമായ ബാദ്ധ്യതയും ധാർമ്മികമായ കടപ്പാടും ഇന്നു വ്യക്തമായി വേർതിരിച്ചിട്ടുണ്ട്.

# നൂറുമേനി

## ബൈബിൾ - പഴയനിയമം (46)

## ഗാനരൂപത്തിൽ

ഉൽപപുറപ്പലേവ്യസംഖ്യനിയമജോഷ്വന്യായാധി,
റൂത്ത് സാമുവെലൊരുജോടി;
രാജാക്കന്മാർ രണ്ടെണ്ണം,
ദിനവൃത്താന്തവുമൊരുജോടി
എസ്ര നെഹമിയ തോബിത് യൂദിത്ത്,
എസ്തേർ മക്കബായ രണ്ടെണ്ണം,
ജോബ് കഴിഞ്ഞാൽ സങ്കീർത്തനങ്ങൾ
സുഭാസഭോത്തമഗീതം
ജ്ഞാനം പ്രഭാഷകനേശയ്യ
ജെറമി വിലാപങ്ങൾ പിന്നാലെ,
ബാറൂക്കെസെക്കിയേൽ ദാനിയേലും
ഹോസിയ ജോയേലാമോസും
ഒബാദിയ യോന മിക്ക നാഹും
ഹബക്കുക്ക് സെഫാനിയ ഹഗ്ഗായി,
സഖറിയായും മലാക്കിയും
പഴയനിയമ ഗ്രന്ഥങ്ങൾ

***(എല്ലാ സൺഡേസ്ക്കൂൾ കുട്ടികളും ഇത് മനഃപാഠമാക്കണം)***

# 4th Birthday in Heaven



## എം.ജെ. ജോസഫ് (അപ്പസാർ)

*Rtd. Headmaster*

**പൂലാനിമറ്റത്തിൽ**

**20-ാം മൈൽ, പൊൻകുന്നം**

*Died on 30-10-2015*

"ഞാനാകുന്നു പുനരുത്ഥാനവും ജീവനും.
എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും.

(യോഹ. 11:25)

# VATTAKKATT SERVICED VILLA

P.P.Road, Ponkunnam

Fully Furnished
A/c Villa for Daily,
Weekly Rent

our sister concerns:-

VATTAKKATT WEIGH BRIDGE
V.B. OILS
JEEJO INDUSTRIES

JOJEE COFFEE WORKS
JOJEE AGENCIES
JOJEE INDUSTRIES

Ph: 04828 221599, 221699, 223599

Mob: 9447121599, 9447506829